# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 923 — 01.03.2017 -ൽ മറുപടിയ്ക്ക്

## ചിറ്റൂർ പുഴ ഇറിഗേഷൻ പദ്ധതി

| ചോദ്യം<br>ശ്രീ.കെ. കൃഷ്ണൻകുട്ടി | | | മറുപടി<br>മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പമന്ത്രി |
|---|---|---|---|
| എ) | ചിറ്റൂർ പുഴ ഇറിഗേഷൻ പദ്ധതിയുടെ മെയിൻ കനാലുകൾ, ബ്രാഞ്ച് കനാലുകൾ എന്നിവ 30 വർഷം മുൻപ് നിർമ്മിച്ചതാണെന്നും, അവ പൂർണ്ണമായും തകർന്ന് വൻ തോതിൽ ജലനഷ്ടം സംഭവിക്കുന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)<br>&<br>ബി) | ചിറ്റൂർ പുഴ പദ്ധതിയുടെ മെയിൻ കനാലുകൾ, ബ്രാഞ്ച് കനാലുകൾ എന്നിവ പൂർണ്ണമായും തകർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാലപ്പഴക്കത്താൽ തകരാറു സംഭവിക്കുന്ന കനാലിന്റെ ഭാഗങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി പുനരുദ്ധരിക്കുന്നതിനായി എല്ലാ വർഷവും ആക്ഷൻ പ്ലാനിൽ തുക വകയിരുത്തി പ്രവൃത്തികൾ നിർവഹിച്ചു വരുന്നു. കൂടാതെ PMKSY പദ്ധതി പ്രകാരം കനാലുകൾ നവീകരിക്കുന്നതിനായി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | എങ്കിൽ ഇവ പുനരുദ്ധരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ; | | |
| സി) | പ്രസ്തുത പദ്ധതി പ്രദേശത്തെ കാഡച്ചാലുകൾ നവീകരിക്കാൻ വകയിരുത്തിയ 20 കോടി രൂപയിൽ എത്ര രൂപ ഇന്നേവരെ ചെലവഴിച്ചുവെന്നും ബാക്കിത്തുക ചെലവഴിക്കാൻ വല്ല കർമ്മപദ്ധതിയും തയ്യാറാക്കിയിട്ടുണ്ടോയെന്നുള്ള വിശദാംശങ്ങൾ നൽകാമോ? | സി) | കാഡാ ചാലുകൾ നവീകരിക്കാൻ ലഭിച്ച 15 കോടി രൂപയിൽ 14.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ